**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 116** **14-03-2022 - ൽ മറുപടിയ്ക്ക്**

**തൊഴിൽ സമരങ്ങൾ ഉണ്ടാകാതിരിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ് | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലാളി സംഘടനകളുടെ സമരം മൂലം കേരളത്തിൽ നിരവധി സ്ഥാപനങ്ങൾ പൂട്ടുന്നതായി പറയപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില സ്ഥാപനങ്ങളിൽ തൊഴിൽ തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. ഇത്തരം തർക്കങ്ങൾ സത്വരം പരിഹരിക്കുന്നതിനുള്ള ഇടപെടീൽ സർക്കാർ നടത്തിവരുന്നുണ്ട്. മാതമംഗലത്തെ എസ്.ആർ. അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിൽ അറ്റാച്ച്ഡ് കാർഡുള്ള തൊഴിലാളികളെ കൊണ്ടാണ് കയറ്റിറക്ക് ജോലികൾ ചെയ്തു വന്നിരുന്നത്. ടി സ്ഥാപനത്തിലെ നാല് തൊഴിലാളികൾ 26 (എ) അറ്റാച്ചഡ് കാർഡ് അനുവദിച്ചു കിട്ടുന്നതിനായി പയ്യന്നൂർ അസിസ്റ്റന്റ് ലേബർ ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. സ്ഥാപനം ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ പദ്ധതി പ്രദേശത്താണെന്ന് ബോദ്ധ്യപ്പെടുകയും ക്ഷേമ ബോർഡ് ആവശ്യാനുസരണം തൊഴിലാളികളെ നൽകി വരുന്ന ടി പ്രദേശത്ത് അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് കാർഡ് അനുവദിക്കുന്നത് നിലവിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിലിനെ ബാധിക്കും എന്ന് ബോദ്ധ്യപ്പെട്ടതിനാൽ അപേക്ഷകൾ നിരസിച്ച് ഉത്തരവായിരുന്നു. ഇതിനെതിരെ നാല് തൊഴിലാളികളും ബഹു.ഹൈക്കോടതിയെ സമീപിക്കുകയും നാല് തൊഴിലാളികൾക്കും 26 (എ) കാർഡ് നൽകുവാൻ ഉത്തരവാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 26 (എ) കാർഡ് നൽകുകയും ചെയ്തു. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിൽ വരുന്ന പൂൾ ഏരിയ ആയ ഈ സ്ഥലത്ത് ബോർഡിന്റെ തൊഴിലാളികളുടെ തൊഴിൽ നിഷേധിച്ചു എന്ന പരാതി ഉണ്ടാവുകയും ആയതിനെ തുടർന്ന് ടി സ്ഥാപനത്തിന് മുമ്പിൽ ബോർഡിലെ തൊഴിലാളികൾ സമരം നടത്തി വരുകയും ചെയ്തിരുന്നു. എന്നാൽ ലേബർ കമ്മീഷണർ 21.02.2022 ൽ നടത്തിയ ചർച്ചയിൽ വിഷയം |

| | | | |
|---|---|---|---|
| | | | ഒത്തുതീർപ്പാകുകയും, തുടർന്ന് സ്ഥാപനം 22.02.2022 മുതൽ തുറന്ന് പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. കണ്ണൂർ ജില്ലയിലെ മാടായി ശ്രീ.പോർക്കലി സ്റ്റീൽസ് എന്ന സ്ഥാപന ഉടമയുടെ കാസർഗോഡ് ജില്ലയിലെ ചീമേനി എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന സ്ഥാപനത്തിന് ലഭിച്ച 26 (എ) അറ്റാച്ച്ഡ് കാർഡുള്ള തൊഴിലാളികളെ ഉപയോഗിച്ച് പോർക്കലി സ്റ്റീൽസ് എന്ന സ്ഥാപനത്തിൽ കയറ്റിറക്ക് നടത്തുമ്പോൾ പഴയങ്ങാടി പൂൾ ഏരിയയിലെ ചുമട്ടു തൊഴിലാളികൾ തടസ്സപ്പെടുത്തുകയും ചുമട്ടു തൊഴിൽ തർക്കംമൂലം സ്ഥാപനം അടഞ്ഞു കിടക്കുന്നതായി അറിയിക്കുകയും മേൽ തർക്കം പരിഹരിക്കുന്നതിന് അസിസ്റ്റന്റ് ലേബർ ഓഫീസർ ഉടമയെ ബന്ധപ്പെട്ട് അനുരഞ്ജന ചർച്ചയ്ക്ക് ശ്രമിച്ചെങ്കിലും സ്വന്തം തൊഴിലാളികളെ അല്ലാതെ മറ്റൊരു തൊഴിലാളികളെയും കയറ്റിറക്കിന് സമ്മതക്കില്ലെന്ന് ഉടമ അറിയിക്കുകയും ചെയ്തു. ടി തൊഴിൽ തർക്കവുമായി ബന്ധപ്പെട്ട് അനുരഞ്ജന ചർച്ചയ്ക്ക് വീണ്ടും വിളിച്ചുവെങ്കിലും ഉടമ സ്ഥലത്തുണ്ടാവില്ലായെന്നും ചർച്ച ഒരാഴ്ചത്തേയ്ക്ക് മാറ്റിവയ്ക്കണമെന്നും അറിയിക്കുകയുണ്ടായി. ചർച്ച തീരുമാനം ആകുന്നതുവരെ സമരം മാറ്റിവയ്ക്കണമെന്നും ബന്ധപ്പെട്ട യൂണിയനോട് ജില്ലാ ലേബർ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ സ്ഥാപനം അടഞ്ഞു കിടക്കുകയാണ്. വിഷയം ഇപ്പോൾ കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ പരിഗണനയിലാണ്. |
| (ബി) | പ്രമുഖ ചുമട്ടുതൊഴിലാളി സംഘടനയുടെ സമരം മൂലം മാതമംഗലത്തെ എസ്.ആർ. അസോസിയേറ്റ്സ് എന്ന സ്ഥാപനവും മാടായി ശ്രീ പോർക്കലി സ്റ്റീൽസ് എന്ന സ്ഥാപനവും കുറച്ചുനാളത്തേക്ക് അടച്ചിടേണ്ട സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; | (ബി) | ചില സ്ഥാപനങ്ങളിൽ തൊഴിൽ തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. ഇത്തരം തർക്കങ്ങൾ സത്വരം പരിഹരിക്കുന്നതിനുള്ള ഇടപെടീൽ സർക്കാർ നടത്തിവരുന്നുണ്ട്. മാതമംഗലത്തെ എസ്.ആർ. അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിൽ അറ്റാച്ച്ഡ് കാർഡുള്ള തൊഴിലാളികളെ കൊണ്ടാണ് കയറ്റിറക്ക് ജോലികൾ ചെയ്തു വന്നിരുന്നത്. ടി സ്ഥാപനത്തിലെ നാല് തൊഴിലാളികൾ 26 (എ) അറ്റാച്ചഡ് കാർഡ് അനുവദിച്ചു കിട്ടുന്നതിനായി പയ്യന്നൂർ അസിസ്റ്റന്റ് ലേബർ ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. സ്ഥാപനം ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ പദ്ധതി പ്രദേശത്താണെന്ന് ബോദ്ധ്യപ്പെടുകയും ക്ഷേമ ബോർഡ് ആവശ്യാനുസരണം തൊഴിലാളികളെ നൽകി വരുന്ന ടി പ്രദേശത്ത് അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് കാർഡ് അനുവദിക്കുന്നത് നിലവിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിലിനെ ബാധിക്കും എന്ന് |

| | | | |
|---|---|---|---|
| | | | ബോദ്ധ്യപ്പെട്ടതിനാൽ അപേക്ഷകൾ നിരസിച്ച് ഉത്തരവായിരുന്നു. ഇതിനെതിരെ നാല് തൊഴിലാളികളും ബഹു.ഹൈക്കോടതിയെ സമീപിക്കുകയും നാല് തൊഴിലാളികൾക്കും 26 (എ) കാർഡ് നൽകുവാൻ ഉത്തരവാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 26 (എ) കാർഡ് നൽകുകയും ചെയ്തു. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിൽ വരുന്ന പൂൾ ഏരിയ ആയ ഈ സ്ഥലത്ത് ബോർഡിന്റെ തൊഴിലാളികളുടെ തൊഴിൽ നിഷേധിച്ചു എന്ന പരാതി ഉണ്ടാവുകയും ആയതിനെ തുടർന്ന് ടി സ്ഥാപനത്തിന് മുമ്പിൽ ബോർഡിലെ തൊഴിലാളികൾ സമരം നടത്തി വരുകയും ചെയ്തിരുന്നു. എന്നാൽ ലേബർ കമ്മീഷണർ 21.02.2022 ൽ നടത്തിയ ചർച്ചയിൽ വിഷയം ഒത്തുതീർപ്പാകുകയും, തുടർന്ന് സ്ഥാപനം 22.02.2022 മുതൽ തുറന്ന് പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. കണ്ണൂർ ജില്ലയിലെ മാടായി ശ്രീ.പോർക്കലി സ്റ്റീൽസ് എന്ന സ്ഥാപന ഉടമയുടെ കാസർഗോഡ് ജില്ലയിലെ ചീമേനി എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന സ്ഥാപനത്തിന് ലഭിച്ച 26 (എ) അറ്റാച്ച്ഡ് കാർഡുള്ള തൊഴിലാളികളെ ഉപയോഗിച്ച് പോർക്കലി സ്റ്റീൽസ് എന്ന സ്ഥാപനത്തിൽ കയറ്റിറക്ക് നടത്തുമ്പോൾ പഴയങ്ങാടി പൂൾ ഏരിയയിലെ ചുമട്ടു തൊഴിലാളികൾ തടസ്സപ്പെടുത്തുകയും ചുമട്ടു തൊഴിൽ തർക്കംമൂലം സ്ഥാപനം അടഞ്ഞു കിടക്കുന്നതായി അറിയിക്കുകയും മേൽ തർക്കം പരിഹരിക്കുന്നതിന് അസിസ്റ്റന്റ് ലേബർ ഓഫീസർ ഉടമയെ ബന്ധപ്പെട്ട് അനുരഞ്ജന ചർച്ചയ്ക്ക് ശ്രമിച്ചെങ്കിലും സ്വന്തം തൊഴിലാളികളെ അല്ലാതെ മറ്റൊരു തൊഴിലാളികളെയും കയറ്റിറക്കിന് സമ്മതക്കില്ലെന്ന് ഉടമ അറിയിക്കുകയും ചെയ്തു. ടി തൊഴിൽ തർക്കവുമായി ബന്ധപ്പെട്ട് അനുരഞ്ജന ചർച്ചയ്ക്ക് വീണ്ടും വിളിച്ചുവെങ്കിലും ഉടമ സ്ഥലത്തുണ്ടാവില്ലായെന്നും ചർച്ച ഒരാഴ്ചത്തേയ്ക്ക് മാറ്റിവയ്ക്കണമെന്നും അറിയിക്കുകയുണ്ടായി. ചർച്ച തീരുമാനം ആകുന്നതുവരെ സമരം മാറ്റിവയ്ക്കണമെന്നും ബന്ധപ്പെട്ട യൂണിയനോട് ജില്ലാ ലേബർ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ സ്ഥാപനം അടഞ്ഞു കിടക്കുകയാണ്. വിഷയം ഇപ്പോൾ കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ പരിഗണനയിലാണ് |
| (സി) | മാതമംഗലത്തും മാടായിലും നടന്ന തൊഴിൽ സമരങ്ങൾ സർക്കാർ മുൻകൈ എടുത്ത് പരിഹരിച്ച ശേഷവും പേരാമ്പ്രയിൽ സി. കെ. മെറ്റീരിയൽസ് എന്ന സ്ഥാപനം തൊഴിലാളി സമരം കാരണം | (സി) | കോഴിക്കോട് പേരാമ്പ്രയിലെ സി.കെ.മെറ്റീരിയൽസ് എന്ന സ്ഥാപനം കയറ്റിറക്കുമായി ബന്ധപ്പെട്ട പ്രശ്നത്തെ തുടർന്ന് അടഞ്ഞു കിടക്കുകയായിരുന്നു. എന്നാൽ തർക്കം നിലനിൽക്കുന്നുണ്ടെങ്കിലും |

| | | | |
|---|---|---|---|
| | പൂട്ടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | | 08.03.2022 മുതൽ സ്ഥാപനം തുറന്ന് പ്രവർത്തിക്കുന്നുണ്ട്. സി.കെ. മെറ്റീരിയൽസ് എന്ന സ്ഥാപനത്തിലെ തൊഴിൽ തർക്കം പരിഹരിക്കുന്നതിനുള്ള ശ്രമം തൊഴിൽ വകുപ്പ് നടത്തിവരുന്നുണ്ട്. |
| (ഡി) | വർദ്ധിച്ചുവരുന്ന തൊഴിൽ സമരങ്ങൾ കേരളത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കും എന്ന് കരുതുന്നുണ്ടോ; | (ഡി) | തൊഴിൽ സമരങ്ങൾ കേരളത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷത്തെ ബാധിച്ചിട്ടില്ല. തൊഴിൽ സമരം ഉടലെടുക്കുന്ന സാഹചര്യം ഉരുത്തിരിയാൻ സാധ്യതയുണ്ട് എന്ന് കണ്ടെത്തിയാൽ ഉടൻതന്നെ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെടുകയും പ്രശ്നം രമ്യതയിൽ പരിഹരിക്കുവാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. |
| (ഇ) | സമാനമായ സമരങ്ങൾ ഉണ്ടാകാതിരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | തൊഴിൽ സമരങ്ങൾ കേരളത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷത്തെ ബാധിച്ചിട്ടില്ല. തൊഴിൽ സമരം ഉടലെടുക്കുന്ന സാഹചര്യം ഉരുത്തിരിയാൻ സാധ്യതയുണ്ട് എന്ന് കണ്ടെത്തിയാൽ ഉടൻതന്നെ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെടുകയും പ്രശ്നം രമ്യതയിൽ പരിഹരിക്കുവാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ